# റിപ്പോർട്ട് സമർപ്പണം

**ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ പീരിയോഡിക്കൽ റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 01-04-2013 മുതൽ 31-03-2015 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

**ജലവിഭവം സംബന്ധിച്ച വിഷയ നിർണ്ണയ III-ന്റെ പീരിയോഡിക്കൽ റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും പ്രത്യേക റിപ്പോർട്ടും**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ജലവിഭവം സംബന്ധിച്ച വിഷയ നിർണ്ണയ III-ന്റെ 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ

റിപ്പോർട്ടും വിഷയനിർണ്ണയ സമിതി III ന്റെ പ്രത്യേക റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ (ചട്ടം235 (1)(iii))പ്രകാരമുള്ള റിപ്പോർട്ടും സമിതിയുടെ അഖിലേന്ത്യാ പര്യടനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടും ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപവും

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ (ചട്ടം235 (1)(iii))പ്രകാരമുള്ള രണ്ട് റിപ്പോർട്ടുകളും സമിതി നടത്തിയ അഖിലേന്ത്യാ പര്യടനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടും ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപം എന്നിവ വിദ്യുത്ച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015 കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി VIII-ന്റെ ആനുകാലിക റിപ്പോർട്ടും ട്രഷറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി VIII-ന്റെ ചെയർമാനായ ഞാൻ 2015 കേരള ഗവൺമെന്റ്

ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും 2014 ഏപ്രിൽ ഒന്ന് മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ട്രഷറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

**തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

**ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI ന്റെ പീരിയോഡിക്കൽ റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും**

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും

സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI ന്റെ 01-04-2014 മുതൽ 31-03-2015 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാം മത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## സാമൂഹ്യ സേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ പീരിയോഡിക്കൽ റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനകളെ സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, സാമൂഹ്യ സേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ 01-04-2014 മുതൽ 31-03-2015 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനകളെ സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

<u>യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്</u>

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2015-16 ബഡ്ജറ്റിന്റെ ബ്രീഫിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള ശുദ്ധിപത്രം സമർപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്-ഇൻ-ബ്രീഫ് ശുദ്ധിപത്രം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.